കോൺഫറൻസുകൾ ഞാൻ കൃഷിക്കാരുടെ പ്രതിനിധികളുമായി നടത്തി. അവരെല്ലാം അതിശക്തിയായി ഇതിനെ എതിർക്കുന്ന നിലപാടുകളാണ് എടുത്തിട്ടുള്ളത്. അവരെ നിർബന്ധിച്ച് വലിയ സന്നാഹങ്ങളും നടത്തി നമ്മൾ അങ്ങനെയൊരു പരിശ്രമം നടത്തുന്നത് തീർച്ചയായും ഗുണകരമല്ലെന്ന് കണ്ടതു കൊണ്ടാണ് കുത്തക സംഭരണം ഏർപ്പെടുത്തുന്നതിന് നടപടി എടുക്കാത്തത്. ഇന്നു നടത്തിയ പരിശ്രമങ്ങളുടെ ഫലമായി കശുവണ്ടി ഇറക്കുമതി ചെയ്ത് 1999 -ൽ കാഷ്യൂ കോർപ്പറേഷൻ 150 ദിവസവും കാപ്പെക്സ് 130 ദിവസവും 2000-ത്തിൽ കാഷ്യൂ കോർപ്പറേഷൻ 200 മുതൽ 230 വരെ ദിവസംവരെയും ജോലി നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട്. പ്രൈവറ്റ് ഫാക്ടറികളിലും സാമാന്യം മോശമല്ലാത്ത രീതിയിലുള്ള പണി കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ഇന്നിപ്പോൾ പരമാവധി ഇറക്കുമതി ചെയ്യാൻ കഴിയുന്നതിനുള്ള നടപടിയെടുക്കുകയും അവിടെത്തന്നെ നമ്മുടെ ഡിപ്പോകൾ സ്ഥാപിച്ച് സംഭരിക്കുന്നതിനുള്ള നടപടികളും കാഷ്യൂകോർപ്പറേഷൻ എടുത്തിട്ടുണ്ട്. അവയിലബിളായിട്ടുള്ളത് എത്ര കൂടുതൽ എടുക്കാൻ കഴിയുമോ അതെടുക്കുന്നതിന് പ്രധാന കേന്ദ്രങ്ങളിലെല്ലാം ഡിപ്പോകൾ സ്ഥാപിച്ച് എടുക്കുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ട്. കുത്തക സംഭരണം കൂടാതെ തന്നെ പരമാവധി തൊഴിൽ ദിനങ്ങൾ കൊടുക്കുക എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നയം.

ശ്രീ. എഴുകോൺ നാരായണൻ : സർ, കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ കുത്തക സംഭരണ ബിൽ അവതരിപ്പിക്കുമെന്ന് അങ്ങ് പറഞ്ഞതാണ്. അതെന്തായി ?

ശ്രീമതി സുശീലാ ഗോപാലൻ : അങ്ങനെ ഞാൻ പറഞ്ഞിട്ടില്ല. കൃഷിക്കാരുമായി സംസാരിച്ച് അവരുടെ എതിർപ്പില്ലാതെ എങ്ങനെ ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കാമെന്നാണ് ഞാൻ അന്ന് വ്യക്തമാക്കിയത്. പക്ഷേ കൃഷിക്കാരിൽ നിന്നും വലിയ എതിർപ്പാണ് വന്നുകൊണ്ടിരിക്കുന്നത്. കുത്തക സംഭരണം ഏർപ്പെടുത്താൻ കഴിയില്ലെന്ന് ഈ സഭയിൽ തന്നെ വളരെ വ്യക്തമായി ഞാൻ ഇതിനുമുമ്പും പ്രഖ്യാപിച്ചിട്ടുള്ളതാണ്.

(2) കുമരകം പാക്കേജ് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജി. സുധാകരൻ : സർ, 2000 ഡിസംബർ 30 - ന് പ്രധാനമന്ത്രി ശ്രീ. വാജ്പേയി കുമരകത്തുവന്ന് പ്രഖ്യാപിച്ച കേരളത്തിനുവേണ്ടിയുള്ള കുമരകം പാക്കേജ് പദ്ധതി നടപ്പിലാക്കുവാൻ നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചു കാണാത്തതിൽ കേരള ജനതയ്ക്ക് ദുഃഖവും അമർഷവും പ്രതിഷേധവുമുണ്ട്. ഇത് പ്രകടിപ്പിക്കാനാണ് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നത്. 'ശ്രീ. വാജ്പേയിക്ക് ദുഃഖപൂർവം' മുഖപ്രസംഗം സമർപ്പിക്കുകയും കുമരകം പാക്കേജിനെത്തുടർന്ന് ജനുവരി രണ്ടിന് 'ശ്രീ. വാജ്പേയിക്ക് നന്ദിപൂർവം' പ്രോത്സാഹനം നൽകുകയും ചെയ്ത കേരളത്തിലെ പ്രമുഖ ദിനപ്പത്രമായ മലയാള മനോരമ ജനുവരി 22 -ന്റെ മുഖപ്രസംഗത്തിലൂടെ "വിലയിടിവിൽ നട്ടം തിരിയുന്ന കർഷകന് വാഗ്ദാനങ്ങളിൽ കണ്ണുംനട്ട് കാത്തിരിക്കാനാവില്ലെന്ന്" ചൂണ്ടിക്കാട്ടിക്കൊണ്ട് "പാക്കേജ് നടപ്പിലാക്കാൻ കേരളം ഉണരട്ടെയെന്ന്" ആഹ്വാനം ചെയ്തിരിക്കുകയാണ്. മറ്റു

LIBRARY ARCHIVES Kerala Legislative Assembly

ദിനപ്പത്രങ്ങളും വിമർശനം ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. റബ്ബറിന്റെ സംഭരണവിലയും കൊപ്രയുടെ താങ്ങുവിലയും വർദ്ധിപ്പിക്കുകയും 20,000 ടൺ റബ്ബർ മാർക്കറ്റ് വിലയേക്കാൾ ഉയർന്ന വില നൽകി സംഭരിക്കുകയും സംഭരണശേഷി പരിഗണിച്ച് കൂടുതൽ സംഭരിക്കും. കോക്കനട്ട് ടെക്നോളജി മിഷൻ സ്ഥാപിക്കും ; വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന് അനുമതി നൽകും ; നെടുമ്പാശ്ശേരിയിൽ നിന്നും കൂടുതൽ വിദേശ വിമാനസർവീസുകൾ ഏർപ്പെടുത്തും ; ഷൊർണൂർ-മംഗലാപുരം പാത പൂർണമായും ഇരട്ടിപ്പിക്കും. ടൂറിസം വികസിപ്പിക്കും ; ഇൻഫർമേഷൻ ടെക്നോളജി സാർവത്രികമായി നടപ്പിലാക്കും ; ഉന്നത വിദ്യാഭ്യാസത്തിന് കൂടുതൽ സാമ്പത്തിക സഹായം നൽകും ; എറണാകുളം-കായംകുളം റെയിൽവേലൈൻ ഇരട്ടിപ്പിക്കും ; റബ്ബറിന് വേൾഡ് ട്രേഡ് ഓർഗനൈസേഷന്റെ അനുവാദത്തോടുകൂടി വ്യവസായ ഉൽപ്പന്നങ്ങളുടെ പട്ടികയിൽ നിന്നും മാറ്റി കാർഷികോൽപ്പന്നങ്ങളുടെ പട്ടികയിൽപ്പെടുത്തും എന്നീ വാഗ്ദാനങ്ങളാണ് കുമരകം പാക്കേജിലൂടെ പ്രധാന മന്ത്രി നവവൽസര സമ്മാനമായി കേരള ജനതയ്ക്ക് സമ്മാനിച്ചതായി പ്രചരിപ്പിക്കപ്പെട്ടത്. ഇന്ത്യൻ പാർലമെന്ററി ജനാധിപത്യത്തിന്റെ അംഗീകൃത മര്യാദകൾ കാറ്റിൽപ്പറത്തി പാർലമെന്റിലോ സംസ്ഥാന ഗവൺമെന്റ് ഒരുക്കുന്ന ഒരു പൊതുവേദിയിലോ ഈ പ്രഖ്യാപനങ്ങൾ നടത്താതെ സ്വന്തം പാർട്ടിയുടെ ഒരു ആലോചനായോഗത്തിലാണ് ബി. ജെ. പി. പ്രധാനമന്ത്രി ഈ പാക്കേജ് പ്രഖ്യാപിച്ചതെങ്കിലും, അവ നടപ്പിലാക്കിയിരുന്നു എങ്കിൽ നാം അദ്ദേഹത്തെ അഭിനന്ദിക്കുമായിരുന്നു. അത് നടപ്പിലാക്കാനായി ഇതുവരെ യാതൊരുത്തരവുകളും പ്രധാനമന്ത്രി പുറപ്പെടുവിച്ചിട്ടില്ല. ഈ കാര്യത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റും സി. പി. ഐ. (എം) അടക്കമുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളും കർഷക പ്രസ്ഥാനങ്ങളും മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ നേതൃത്വം നൽകുന്ന ഈ ഗവൺമെന്റും മാത്രമല്ല, മലയാളമനോരമ അടക്കമുള്ള എല്ലാ വർത്തമാന പത്രങ്ങളും ഇലക്ട്രോണിക് മീഡിയകളും പ്രധാനമന്ത്രിയുടെ വാഗ്ദാന ലംഘനത്തെ വിമർശിച്ചുകൊണ്ടിരിക്കുകയാണ്. കേരള ജനതയാകെ ശ്രീ. വാജ്പേയിയുടെ ഈ വാഗ്ദാന ലംഘനത്തിൽ പ്രതിഷേധിക്കുകയാണ്. ഉറങ്ങുന്നതിനുമുമ്പ് അനേകം കാതങ്ങൾ താണ്ടേണ്ടതുണ്ടെന്നും അതിനിടയിൽ വാഗ്ദാനങ്ങൾ പാലിക്കേണ്ടതുണ്ടെന്നും വിശ്വമഹാകവി റോബർട്ട് ഫ്രോസ്റ്റിനെ ഉദ്ധരിച്ചുകൊണ്ട് ഭാരതീയ ജനതയെ ബോധവൽക്കരിച്ച മുൻപ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ കസേരയിൽ കയറി ഇരിക്കുന്ന ബി. ജെ. പി. പ്രധാനമന്ത്രി ശ്രീ. വാജ്പേയി വാഗ്ദാനങ്ങൾ പാലിക്കാനുള്ളതല്ലെന്ന് പ്രവർത്തനങ്ങളിലൂടെ കാണിച്ചുകൊണ്ട് ജവഹർലാൽ നെഹ്റു ഉയർത്തിയ ഈ ധാർമ്മികതയെ ഒരിക്കൽകൂടി നിരാകരിച്ചിരിക്കുകയാണ്. മുഖ്യമന്ത്രി ശ്രീ. നായനാരും കൃഷിവകുപ്പു മന്ത്രിയും കുമരകം പാക്കേജ് നടപ്പിലാക്കണമെന്നു കാണിച്ച് പ്രധാനമന്ത്രിക്ക് സമഗ്രമായ റിപ്പോർട്ടുകൾ നൽകിയിട്ടുണ്ട് എന്നു കാണുന്നതിൽ സന്തോഷിക്കുന്നു. നേരത്തെ തന്നെ മുഖ്യമന്ത്രിയും കൃഷിവകുപ്പുമന്ത്രിയും കേരളത്തിന്റെ കാർഷികവിള സംരക്ഷണം ലാക്കാക്കി പ്രധാനമന്ത്രിക്ക് റിപ്പോർട്ടുകൾ നൽകിയിരുന്നു. അതിനൊന്നും ന്യായമായ പരിഗണന പ്രധാനമന്ത്രി നൽകിയിട്ടില്ല. കോൺഗ്രസ് (ഐ) ഗവൺമെന്റ് ആവിഷ്കരിച്ചതും വാജ്പേയ് ഗവൺമെന്റ് പഴുതുകൾ അടച്ചു

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കുന്നതുമായ എൽ. പി. ജി. നയം - ലിബറലൈസേഷൻ, പ്രൈവറ്റൈസേഷൻ, ഗ്ലോബലൈസേഷൻ എന്നീ നയങ്ങളുടെ ഫലമായി നമ്മുടെ കാർഷിക വിളകൾക്ക് വിലയില്ലാതെ നശിക്കുന്ന സ്ഥിതിക്ക് കുമരകം പാക്കേജ് കൊണ്ട് തെല്ലൊരു ആശ്വാസമുണ്ടാകുമെന്ന് കേരള ജനത പ്രതീക്ഷിച്ചു. എന്നാൽ ആവശ്യമായ സ്റ്റാറ്റ്യൂട്ടറി ഓർഡറുകളുടെ പിൻബലമില്ലാതെ, സാമ്പത്തിക പ്രൊവിഷനുകളില്ലാതെ, സ്കീമുകൾ തയ്യാറാക്കാതെയുള്ള പ്രോജക്ടുകളുടെ പ്രഖ്യാപനം വെറും പൊള്ളയാണെന്നും ജനങ്ങളെ പറ്റിക്കാനുള്ളതാണെന്നും അഖിലേന്ത്യാ കിസാൻ സഭയുടെ പ്രസിഡന്റ് സഖാവ് എച്ച് രാമചന്ദ്രൻ പിള്ള, എം. പി., ഡൽഹിയിൽ പ്രഖ്യാപിച്ചത് നൂറുശതമാനവും ശരിയാണെന്ന് ഇപ്പോൾ തെളിഞ്ഞിരിക്കുകയാണ്. വാജ്പേയ് ഗവൺമെന്റിന്റെ ഇറക്കുമതി നയം ഇന്ത്യയെ വികസിത രാജ്യങ്ങളുടെ കമ്പോളമാക്കി മാറ്റിയിരിക്കുകയാണ്. ഇറക്കുമതി ചെയ്യുന്ന കാർഷികോൽപ്പന്നങ്ങൾക്ക് ചുങ്കം വർദ്ധിപ്പിച്ച് തടയിടുമെന്നും മറ്റും പറഞ്ഞതിനു ശേഷം വിദേശ രാഷ്ട്രങ്ങൾക്ക് കൂടുതൽ ഇറക്കുമതി സൗജന്യങ്ങളാണ് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ നൽകി വരുന്നത്. രണ്ടായിരം ഏപ്രിൽ 1 മുതൽ 715 ഇനങ്ങളും 2001 ഏപ്രിൽ 1 മുതൽ 714 ഇനങ്ങളുമടക്കം 1429 ഇനങ്ങൾ സ്വതന്ത്ര ലിസ്റ്റിൽപെടുത്തി നാട്ടിൽ ഇറക്കുമതി ചെയ്യാൻ അമേരിക്കയ്ക്കും സഖ്യരാഷ്ട്രങ്ങൾക്കും അനുമതി നൽകേണ്ട രഹസ്യ കരാറിൽ ഒപ്പിട്ടിരിക്കുകയാണ് ഇന്ത്യാഗവൺമെന്റ്. പാർലമെന്റ് സമ്മേളിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഈ രഹസ്യ കരാർ ഉണ്ടാക്കിയത്. കരാറിന്റെ ഉള്ളടക്കം ജനങ്ങളിൽ നിന്നും പാർലമെന്റിൽ നിന്നും ഒളിച്ചുവച്ചിട്ടും പാർലമെന്റിലെ മുഖ്യപ്രതിപക്ഷമായ കോൺഗ്രസ് (ഐ) ഈ നടപടികളെ എതിർക്കാൻ തയ്യാറായിട്ടില്ല. എന്നാൽ ശ്രീമതി സോണിയാഗാന്ധിയും നമ്മുടെ പ്രതിപക്ഷ നേതാവ് ശ്രീ. എ. കെ. ആന്റണിയും അടക്കമുള്ള കോൺഗ്രസ് (ഐ) നേതൃത്വം ബി. ജെ. പി. ഗവൺമെന്റിന്റെ ഈ സാമ്പത്തിക നയങ്ങളെ അനുകൂലിക്കുന്നതായിട്ടു കണ്ടുവരുന്നത് വളരെ ഖേദകരമാണ്. ഇറക്കുമതി തീരുവ ഇല്ലാതെ കാർഷിക വിളകൾക്ക് ന്യായമായ വില ഉറപ്പാക്കണമെന്നും കേന്ദ്രത്തിന്റെ അമേരിക്കൻ നിർദ്ദേശപ്രകാരമുള്ള ഈ ജനവിരുദ്ധ സാമ്പത്തിക നയങ്ങൾ തിരുത്തണമെന്നും ആവശ്യപ്പെടാൻ തയ്യാറാകാത്ത ഒരു പ്രസ്ഥാനത്തിനും കൃഷിക്കാരുടെ മുൻപിൽ വിശ്വാസ്യത ലഭിക്കാൻ പോകുന്നില്ല. കേന്ദ്ര നയങ്ങളുടെ ഭാരം പേറുന്ന സംസ്ഥാന സർക്കാരിനെ പ്രതിക്കൂട്ടിലാക്കി യഥാർത്ഥ വില്ലനായ കേന്ദ്രത്തെ വെള്ളപൂശി കാണിക്കാനുള്ള ശ്രമത്തിൽ കൃഷിക്കാരുടെ പിന്തുണ നേടിയെടുക്കാൻ സാധ്യമല്ല. കേരളത്തിലെ പ്രതിപക്ഷം ഈ കാര്യം മനസിലാക്കി പ്രവർത്തിക്കുവാൻ തയ്യാറാകുകയാണ് വേണ്ടത്. പ്രധാന മന്ത്രിയുടെ കുമരകം പാക്കേജ് കുറ്റമറ്റ രീതിയിൽ നടപ്പിലാക്കണമെന്നും ഈ നിയമസഭ ഒറ്റക്കെട്ടായി നിന്ന് ഒരു പ്രമേയത്തിലൂടെ പ്രധാനമന്ത്രിയോട് ആവശ്യപ്പെടുന്ന കാര്യം പ്രത്യേകം പരിഗണിക്കുന്നത് ഉചിതമായിരിക്കുമെന്നും ഞാൻ കരുതുന്നു. നമ്മുടെ കാർഷികോൽപ്പന്നങ്ങൾക്കുള്ള താരിഫ് നിരക്ക് വളരെ കുറവാണ്. എന്നിട്ടാണ് കാർഷികോൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നത്. ഗാട്ട് ഉടമ്പടി പ്രകാരംപോലും ഉയർന്നതരത്തിൽ കസ്റ്റംസ് തീരുവ ഈടാക്കുന്ന കാർഷികോൽപ്പന്നങ്ങളുമുണ്ട്. അവയ്ക്ക് പരമാവധി ഉയർന്ന നിരക്ക് ഏർപ്പെടുത്തണം. അങ്ങനെ കേരളീയ കർഷക സമൂഹത്തെ താൽക്കാലികമായി രക്ഷപ്പെടുത്തണം. ഉദാഹരണമായി

LIBRARY ARCHIVES Kerala Legislative Assembly

കേരളം 45 ശതമാനമായി താരിഫ് നിലനിർത്തിയിരിക്കുന്ന വെളിച്ചെണ്ണയ്ക്കു ഗാട്ട് കരാർ പ്രകാരം 300 ശതമാനം താരിഫ് ഏർപ്പെടുത്താം. ക്രൂഡ് പാമോയിലിന് ഇന്നത്തെ 25 ശതമാനത്തിന്റെ സ്ഥാനത്ത് 300 ശതമാനവും സാധാരണ പാമോയിലിന് 55 ശതമാനത്തിന്റെ സ്ഥാനത്ത് 300 ശതമാനവും താരിഫ് ഏർപ്പെടുത്താവുന്നതാണ്. നിലക്കടല, സൂര്യകാന്തി, നല്ലെണ്ണ എന്നിവയ്ക്ക് ഇപ്പോഴുള്ള 35 ശതമാനം താരിഫിന്റെ സ്ഥാനത്ത് 300 ശതമാനം ഗാട്ട് കരാർ പ്രകാരം തന്നെ ഏർപ്പെടുത്താം. സംസ്ക്കരിച്ച പാമോയിലിന് ഇപ്പോൾ 71.6 ശതമാനം താരിഫുള്ളത് 300 ശതമാനമാക്കാം. സംസ്ക്കരിച്ച നിലക്കടല, സൂര്യകാന്തി, നല്ലെണ്ണ എന്നിവയ്ക്കും 71.6 ശതമാനത്തിൽ നിന്ന് 300 ശതമാനമാക്കി ഉയർത്താം. സംസ്ക്കരിച്ച അടയ്ക്കയുടെ താരിഫ് 100 ശതമാനത്തിൽ നിന്ന് 150 ശതമാനമായും സംസ്ക്കരിച്ച കാപ്പിയുടെയും കുരുമുളകിന്റെയും താരിഫ് 35 ശതമാനത്തിൽ നിന്ന് 150 ശതമാനമായും ശ്രീലങ്കൻ തേയിലയുടേത് ഏഴ് ശതമാനത്തിൽ നിന്ന് 150 ശതമാനമായും റബ്ബർ ഷീറ്റിന്റേത് 25 ശതമാനത്തിൽ നിന്ന് 40 ശതമാനമായും ഉയർത്താൻ ഗാട്ടു കരാർപോലും അനുവാദം നൽകുന്നുവെന്നുള്ളത് സുവ്യക്തമാണ്. ഈ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് ഗാട്ട് കരാറിൽ ഒപ്പിട്ട ചൈനയെ കണ്ടു പഠിക്കേണ്ടതാണ്. ആഗോളവൽക്കരണത്തിന്റെ ദൂഷ്യഫലങ്ങൾക്ക് എതിരെ സ്വന്തം ജനതയെ സംരക്ഷിക്കേണ്ടത് അതാതു ദേശീയ ഗവൺമെന്റുകളുടെ കടമയാണ് എന്ന് ശ്രീ. അമർത്യാസെൻ കേരളത്തിൽ വന്ന് പ്രസ്താവിച്ചത് കേന്ദ്ര ഗവൺമെന്റിന് പാഠമാകേണ്ടതാണ്. സംസ്ഥാന ഗവൺമെന്റ് 15,000 ടൺ റബ്ബർ കയറ്റുമതി ചെയ്തു കഴിഞ്ഞു. കൂടാതെ റബ്കോയുടെ സഹായത്തോടുകൂടി 50,000 ടൺ റബ്ബർ കൂടി കയറ്റുമതി ചെയ്യാനുള്ള നടപടികളാണ് നടന്നുവരുന്നത്. കേന്ദ്ര ഗവൺമെന്റാകട്ടെ, 20,000 ടൺ റബ്ബർ ശേഖരിക്കുമെന്ന് പറയുന്നതല്ലാതെ എന്തു വിലയ്ക്ക് ശേഖരിക്കുമെന്ന് ഇതുവരെ വ്യക്തമാക്കിയിട്ടില്ല. കൊപ്രയുടെ കാര്യത്തിലും ഇതേ അവ്യക്തതയാണ് പ്രധാനമന്ത്രിയുടെ പ്രഖ്യാപനത്തിലുള്ളത്. ഈ വർഷത്തെ താങ്ങുവില കഴിഞ്ഞ ഡിസംബർ 31-നു മുമ്പ് പ്രഖ്യാപിക്കുമെന്ന് കേന്ദ്രം പറഞ്ഞെങ്കിലും വാക്കു പാലിച്ചിട്ടില്ല. ഉയർന്ന വിലയ്ക്ക് നാഫെഡു വഴി നാളികേരം എടുക്കാൻ തയ്യാറാകുന്നില്ല. നേരത്തെ കേന്ദ്രം സംഭരിക്കുമെന്നു പറഞ്ഞ 20,000 ടൺ റബ്ബർ സംഭരിക്കാതെ ഇരിക്കുമ്പോഴാണ് പ്രധാനമന്ത്രിയുടെ പുതിയ 20,000 ടൺ സംഭരണ പ്രഖ്യാപനം വെള്ളത്തിലെ വരപോലെ ആയിരിക്കുന്നത്. 1000 കോടിയിൽപ്പരം രൂപയുടെ കോക്കനട്ട് ടെക്നോളജി മിഷൻ സംബന്ധിച്ച് കൃഷിവകുപ്പ് മന്ത്രി കേന്ദ്ര ഗവൺമെന്റിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. അതിൽ ഏഴു മൈനർ ടെക്നോളജി മിഷൻ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നു അറിയുന്നു. പരിഗണിക്കാൻ കേന്ദ്രം തയ്യാറാകുന്നില്ല. വെറും പൊള്ളയായ വാഗ്ദാനങ്ങളിലൂടെ കേരളീയരെ കബളിപ്പിക്കാനാണ് പ്രധാനമന്ത്രി ശ്രമിക്കുന്നത്. ഇത് പ്രധാനമന്ത്രി പദത്തിന് ഭൂഷണമല്ല. വാഗ്ദാനങ്ങൾ പ്രധാനമന്ത്രി പാലിച്ചേ മതിയാകൂ എന്ന് നിയമസഭ വഴി ആവശ്യപ്പെടണമെന്ന് അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ : സർ, പ്രധാനമന്ത്രിയുടെ കുമരകം സന്ദർശനവേളയിൽ 30-12-2000-ന് മുഖ്യമന്ത്രി അദ്ദേഹത്തെ സന്ദർശിച്ച് സംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട ആവശ്യങ്ങൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നേരിട്ട് കത്ത് നൽകുകയുണ്ടായി. കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വിവിധ വികസന പദ്ധതികളെ സംബന്ധിച്ച് മന്ത്രിസഭായോഗം തയ്യാറാക്കിയ നിവേദനം 27-4-2000-ന് ന്യൂഡൽഹിയിൽ വച്ച് നേരിട്ട് പ്രധാനമന്ത്രിക്ക് നൽകിയിരുന്നു. 27-4-2000-ൽ നൽകിയ മെമ്മോറാണ്ടത്തിലെ വിവിധ ആവശ്യങ്ങൾക്കുള്ള അനുമതിയും കേന്ദ്രസഹായവും ത്വരിതപ്പെടുത്തണമെന്നും ആവശ്യപ്പെട്ടിരുന്നു. കൂടാതെ കാർഷിക വിളകളുടെ വിശിഷ്യ നാളികേരം, റബ്ബർ എന്നീ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് തടയുവാനും കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ നിന്നും കൂടുതൽ വിദേശ വിമാന സർവ്വീസുകൾക്ക് അനുമതി നൽകുന്നതിനും തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിന്റെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും കണ്ണൂർ വിമാനത്താവളം അനുവദിക്കുന്നതിന് നടപടിയുണ്ടാകണമെന്നും പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടിരുന്നു. 31-12-2000-ന് പ്രധാനമന്ത്രി താഴെപ്പറയുന്ന പ്രഖ്യാപനങ്ങൾ നടത്തി. സംസ്ഥാന സർക്കാരുമായി സഹകരിച്ച് സംഭരണശേഷി പരിഗണിച്ച് ഈ സീസൺ മുതൽ ഉയർന്ന വില നൽകി കൂടുതൽ കൊപ്ര സംഭരിക്കും. കേരോൽപാദനം, കീടബാധയിൽ നിന്നുള്ള സംരക്ഷണം, സംഭരണം, വിപണനം, വൈവിധ്യവൽക്കരണം തുടങ്ങിയ കാര്യങ്ങളിൽ സാങ്കേതിക സഹായം നൽകാനായി 'കോക്കനട്ട് ടെക്നോളജി മിഷൻ' ആരംഭിക്കും. ഇപ്പോഴുള്ളതിനേക്കാൾ ഉയർന്ന സംഭരണവില നൽകി 20,000 ടൺ റബ്ബർ സംഭരിക്കും. റബ്ബറിനെ കാർഷികോൽപ്പന്നങ്ങളുടെ പട്ടികയിൽപ്പെടുത്താനായി ലോകവ്യാപാര സംഘടനയുമായി ചർച്ച നടത്തുകയും അവരുടെ വ്യവസ്ഥകൾ പ്രകാരം റബ്ബർ ഇറക്കുമതി ഒഴിച്ചു കൂടാനാകാതെ വന്നാൽ ഇറക്കുമതി റബ്ബറിന് തീരുവ ചുമത്തും. ഈ വർഷം ഓഗസ്റ്റ് 15-നു മുമ്പ് കൊച്ചി രാജ്യാന്തര വിമാനത്താവളങ്ങളിൽ നിന്നും കൂടുതൽ വിദേശ വിമാന സർവീസുകൾക്ക് അനുമതി നൽകും. ഇത് ഗൾഫ് മലയാളികൾക്കും യൂറോപ്യൻ യാത്രക്കാർക്കും പ്രയോജനപ്രദമായിരിക്കും. വല്ലാർപ്പാടം കണ്ടയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനലിനുള്ള അന്തിമ അനുമതി ഉടൻ നൽകും. ഇതോടെ കൊച്ചി തുറമുഖത്തിന്റെ പ്രസക്തി വർദ്ധിക്കുകയും വലിയ കപ്പലുകൾ അടുപ്പിക്കാൻ കഴിയുന്ന ഉയർന്ന നിലവാരമുള്ള തുറമുഖമായി മാറുകയും ചെയ്യും. മൂന്നു വർഷത്തിനകം ഷൊർണ്ണൂർ-മംഗലാപുരം റെയിൽപ്പാത പൂർണമായും ഇരട്ടിപ്പിക്കും. ആന്ധ്രാപ്രദേശ്, കർണ്ണാടക, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളുടെ മാതൃകയിൽ റയിൽവേ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ രൂപീകരിക്കാനും നിശ്ചിത ഓഹരി മുടക്കാനും സംസ്ഥാന സർക്കാർ തയ്യാറായാൽ എറണാകുളം - കായംകുളം പാത ഇരട്ടിപ്പിക്കൽ പദ്ധതി കേന്ദ്രം ഏറ്റെടുക്കും. ടൂറിസം വികസനത്തെ സംബന്ധിച്ച് സംസ്ഥാന സർക്കാർ നൽകുന്ന അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്ന ഏതു പദ്ധതിയും കേന്ദ്ര സർക്കാർ പരിപൂർണ പിന്തുണ നൽകും. ഇൻഫർമേഷൻ ടെക്നോളജി രംഗത്ത് സോഫ്ട്വെയർ വികസിപ്പിച്ചെടുക്കാനും വിദേശത്തു നൽകാനുമുള്ള കേന്ദ്രങ്ങൾക്കുൾപ്പെടെ ഈ മേഖലയിലെ സർക്കാർ - സ്വകാര്യ സംരംഭങ്ങൾക്ക് എല്ലാ പിന്തുണയും നൽകും. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്ത് മികവിന്റെ കേന്ദ്രങ്ങൾ (സെന്റേഴ്സ് ഓഫ് എക്സലൻസ്) സജ്ജീകരിക്കാനുള്ള നടപടികൾ കേന്ദ്രസർക്കാർ ത്വരിതപ്പെടുത്തും. സംസ്ഥാനത്തെ വിദേശ ഇന്ത്യക്കാരുടെ സഹായവും ഇക്കാര്യത്തിൽ ആവശ്യമാണ്. മുകളിൽ സൂചിപ്പിച്ച

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപനങ്ങളിലെ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉന്നതവിദ്യാഭ്യാസം, കൃഷി, ഗതാഗതം, ടൂറിസം, ഇൻഫർമേഷൻ ടെക്നോളജി എന്നീ വകുപ്പുകളിലെ സെക്രട്ടറിമാരുമായി 8-1-2000 ത്തിന് ചർച്ച നടത്തുകയുണ്ടായി. ഇതനുസരിച്ച് മേൽസൂചിപ്പിച്ച വകുപ്പുകൾ പ്രധാനമന്ത്രി പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനായി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. ഈ കാര്യം പാർലമെന്റിൽ ഉന്നയിക്കുന്നതിനും നേടിയെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ പാർലമെന്റംഗങ്ങളോട് 12-2-2001 ന് കൂടിയ യോഗത്തിൽ മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് കോക്കനട്ട് ടെക്നോളജി മിഷൻ ആരംഭിക്കുന്നതു സംബന്ധിച്ച് ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുത്തിട്ടുണ്ട്. കേരളത്തിലെ വിനോദ സഞ്ചാര വികസനത്തിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലേയ്ക്കായി പ്രധാനമന്ത്രി കേന്ദ്രസഹായം വാഗ്ദാനം ചെയ്തതിനെത്തുടർന്ന് കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് തിരുവനന്തപുരം മുതൽ കാസർകോഡ് വരെ സഞ്ചരിക്കാൻ പാകത്തിൽ ഒരു ജലപാത സജ്ജീകരിക്കുന്നതിനായി 154.67 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി തയ്യാറാക്കി ടൂറിസം വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. കാർഷിക മേഖലയിലും മറ്റ് മേഖലയിലും പ്രധാനമന്ത്രി പ്രഖ്യാപിച്ച പാക്കേജ് നടപ്പിലാക്കുന്നതുമൂലം നാടിന്റെ സമഗ്രമായ വികസനം പ്രതീക്ഷിക്കുകയാണ്.

ശ്രീ. ജി. സുധാകരൻ : സർ, ഞാൻ ഉന്നയിച്ച ഈ പ്രമേയത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ കേരള ജനതയ്ക്ക് ഇത് നടപ്പിലാക്കുമെന്ന വാഗ്ദാനം പാലിക്കണമെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് ഒരു പ്രത്യേക പ്രമേയത്തിലൂടെ ആവശ്യപ്പെടാൻ ഗവൺമെന്റ് മുൻകൈ എടുക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : തീർച്ചയായും അതു ചെയ്യും.

III സബ്മിഷൻ

(1) ജവാന്മാർക്ക് ഭൂമി പതിച്ചുനൽകുന്നതിന് വരുമാന പരിധി ഉയർത്തേണ്ടത് സംബന്ധിച്ച്

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, സായുധസേനയിൽ സേവന മനുഷ്ഠിക്കുന്ന രാജ്യത്തിന്റെ മക്കളായ പട്ടാളക്കാർക്ക് ഭൂമി പതിച്ച് കൊടുക്കുന്നതിനുള്ള വ്യവസ്ഥ കേരളത്തിലുണ്ട്. പക്ഷേ വർഷങ്ങളായിട്ട് അപേക്ഷ നൽകിയിട്ട് അത് പരിഗണിക്കാൻ സാധിക്കാത്ത നിലയാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. റവന്യൂ വകുപ്പാണ് ഭൂമി വിതരണം ചെയ്യുന്നത്. ഭൂമി വിതരണം ചെയ്യാൻ സാധിക്കാത്ത പ്രധാനപ്പെട്ട കാരണം അവരുടെ വരുമാന പരിധിയുടെ പ്രശ്നമാണ്. ഇപ്പോൾ വരുമാനം തീരുമാനിച്ചിട്ടുള്ളത് പതിനായിരം രൂപയാണ്. സായുധ സേനയിൽ അംഗമായി ചേരുന്ന ആദ്യ വർഷംതന്നെ മിക്കവാറും എല്ലാ ജവാൻമാർക്കും അയ്യായിരത്തിൽ കവിയാത്ത സംഖ്യ ശമ്പളമായി ലഭിക്കുന്നുണ്ട്. അപ്പോൾ പതിനായിരം രൂപയെന്ന് നിശ്ചയിക്കുമ്പോൾ സായുധസേനയിൽ ഇന്ന് ജോലി

LIBRARY ARCHIVES Kerala Legislative Assembly